# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1528.** **13.06.2014-ലെ മറുപടിക്ക്**

## നെടുമങ്ങാട് കാർഷിക മൊത്തവ്യാപാര വിപണിയെ കേന്ദ്രീകരിച്ചുള്ള അടിസ്ഥാന സൗകര്യം വിപുലപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി | ശ്രീ. കെ.പി. മോഹനൻ<br><br>കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി. |
| **(എ)** നെടുമങ്ങാട് ഗ്രാമീണ കാർഷിക മൊത്ത വ്യാപാര വിപണി കേന്ദ്രീകരിച്ച് അഗ്രിമാൾ തുടങ്ങുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; | **(എ)** നെടുമങ്ങാട് ഗ്രാമീണ കാർഷിക മൊത്ത വ്യാപാര വിപണി കേന്ദ്രീകരിച്ച് അഗ്രിമാൾ തുടങ്ങുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്; |
| **(ബി)** അഗ്രിമാൾ തുടങ്ങുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; | **(ബി)** അഗ്രിമാൾ തുടങ്ങുന്നതിനു വേണ്ടി മാൾ നിർമ്മാണത്തിന്റെ ഡിസൈൻ, ഡ്രോയിംഗ് എന്നിവയ്ക്ക് ടെക്നിക്കൽ കൺസൾട്ടന്റിനെ തീരുമാനിക്കുന്നതിനു വേണ്ടി ഇ-ടെണ്ടർ നടത്തുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്; |
| **(സി)** ആയതിന്റെ നടപടി ക്രമങ്ങൾ എന്തായിയെന്ന് വിശദീകരിക്കുമോ; | **(സി)** അഗ്രിമാൾ നിർമ്മാണത്തിനു വേണ്ടി ആർക്കിടെക്ച്ചറൽ കം ഇഞ്ചിനിയറിംഗ് കൺസൾട്ടൻസി സർവീസ് പ്രൊവൈഡറെ തെരെഞ്ഞെടുക്കുന്നതിനു വേണ്ടി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ 2014 മാർച്ച് മാസത്തിൽ ഇ-ടെണ്ടർ നടത്തുകയും അത് പ്രകാരം ആറ് സ്ഥാപനങ്ങൾ ഇ-ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. ലഭിച്ച ടെൻഡറുകൾ സേറ്റ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി വിശകലനം ചെയ്യുകയും അർഹതപ്പെട്ട നാല് സ്ഥാപനങ്ങളുടെ ടെക്നിക്കൽ പ്രസന്റേഷൻ നടത്തുകയും ചെയ്തു. പ്രസ്തുത ടെൻഡറുകളുടെ ടെക്നിക്കൽ ഇവാല്യൂവേഷൻ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ തുടരുന്നു; |

(..........2)

**(ഡി)** ഇതിനായി എത്ര തുക വകയിരുത്താൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

**(ഡി)** അഗ്രിമാളുകൾക്കായി ഈ സാമ്പത്തിക വർഷം അഞ്ചു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്;

**(ഇ)** ടെണ്ടർ നടപടികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

**(ഇ)** ആർക്കിടെക്ച്ചറൽ ഡിസൈൻ അംഗീകരിച്ചതിനു ശേഷം ടെണ്ടർ നടപടികൾ കൈക്കൊള്ളുന്നതാണ്;

**(എഫ്)**നെടുമങ്ങാട് ഗ്രാമീണ കാർഷിക മൊത്ത വ്യാപാര വിപണിയുടെ പ്രവേശന കവാടമായ വാളിക്കോട് മുതലുള്ള റോഡ് നവീകരിക്കുന്നതിനും കോൾഡ് സ്റ്റോറേജ്, റൈപ്പനിംഗ് ചേമ്പർ എന്നിവ നിർമ്മിക്കുന്നതിനുമുള്ള ടെണ്ടർ നടപടികൾ എന്ന് ആരംഭിക്കും; ഏത് ഏജൻസി നടപ്പിലാക്കും;

**(എഫ്)** നെടുമങ്ങാട് ഗ്രാമീണ കാർഷിക മൊത്ത വ്യാപാര വിപണിയുടെ പ്രവേശന കവാടമായ വാളിക്കോട് മുതലുള്ള റോഡ് നവീകരണത്തിന്റെ പ്രോജക്ട് ഈ സാമ്പത്തിക വർഷത്തെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷി വകുപ്പിന്റെ എഞ്ചിനിയറിംഗ് വിഭാഗമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.

കോൾഡ് സ്റ്റോറേജ് നിർമ്മാണത്തിനു വേണ്ടിയുള്ള എസ്റ്റിമേറ്റ്, സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം തയ്യാറാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പണി തുടങ്ങുന്നതിനു വേണ്ടി നടപടികൾ എടുത്തുവരുന്നു.

റൈപ്പനിംഗ് ചേമ്പറിന്റെ നിർമ്മാണ ചുമതല കോസ്റ്റ് ഫോർഡ് എന്ന സ്ഥാപനത്തിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. നെടുമങ്ങാട് മുൻസിപ്പാലിറ്റിയിൽ നിന്നും പെർമിറ്റ് ലഭിച്ച ശേഷം പണികൾ ആരംഭിക്കുന്നതാണ്;

**(ജി)** മേൽ പദ്ധതികൾ ഈ സാമ്പത്തിക വർഷം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ ?

**(ജി)** മേൽ പദ്ധതികൾ ഈ സാമ്പത്തിക വർഷം തന്നെ തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

അണ്ടർ സെക്രട്ടറി.